ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.എസ്പിസി(4)/137539/2018/എച്ച്.എസ്.ഇ                    തീയതി: 18/01/2019

## <u>സർക്കുലർ</u>

വിഷയം: ഹ.സെ.വി.- കേരള ഡെവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) - പ്രൈമറി തലത്തിൽ സ്കൂൾ കുട്ടികളുടെ ഗണിതശാസ്ത്ര മികവ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചു കൊണ്ട് നടപ്പിലാക്കി വരുന്ന 'മഞ്ചാടി' പരിപാടി -ആർ.ഡി.ഡി. മാർക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന: 13/12/2018 ലെ സ.ഉ.(സാധാ)നം.01/2018/ആ.സാ.വ.നമ്പർ സർക്കാർ ഉത്തരവ്.

സൂചന ഉത്തരവ് എല്ലാ ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിമാരുടെയും അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യുന്നു.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരള ഡെവലപ്പ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ.ഡി.സ്ക്) - പ്രൈമറി തലത്തിൽ സ്കൂൾ കുട്ടികളുടെ ഗണിത ശാസ്ത്ര മികവ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കി വരുന്ന "മഞ്ചാടി" പരിപാടി - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്പ്മെന്റ് & ഇന്നോവേഷൻ) വകുപ്പ്**

സ.ഉ (സാധാ) നം. 01/2018/ആ.സാ.വ തീയതി, തിരുവനന്തപുരം 13/12/2018.

==========================================================================

പരാമർശം : 03.10.2018ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

ഗണിതപഠനം രസകരമാക്കുവാനും കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കണക്കിലെ ശേഷികൾ കുട്ടികൾ ആർജ്ജിക്കുന്നതിനുതകുന്ന ഗണിതസമൂഹ കളിയരങ്ങുകൾ (Community Math Labs) സൃഷ്ടിക്കുവാനുള്ള നൂതനമായ ഒരു പരിപാടിക്കാണ് കേരള ഡെവലപ്പ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ തുടക്കമിടുന്നത്. "മഞ്ചാടി" എന്ന പേരിൽ നടപ്പാക്കുന്ന ഈ പരിപാടി ഫ്രൂഡൻതാൽ എന്ന വിദ്യാഭ്യാസ വിചക്ഷണൻ വിഭാവനം ചെയ്ത റിയലിസ്റ്റ് മാത്സ് എഡ്യൂക്കേഷൻ സങ്കേതമാണ് ഉപയോഗിക്കുന്നത്. കുട്ടികൾക്ക് ഏറെ അനുഭവവേദ്യമായ സാഹചര്യങ്ങളിൽ നിന്ന് ഗണിതപഠനം തുടങ്ങുക, കുട്ടിക്ക് അറിയുന്ന സാഹചര്യം ഉപയോഗിച്ചു ലളിതമായ മാതൃകകളിലൂടെ ഗണിത പ്രശ്നം അവതരിപ്പിക്കുക, കുട്ടിയെ തനതായ രീതിയിൽ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ പ്രേരിപ്പിക്കുക, കുട്ടികൾ ഇങ്ങനെ സൃഷ്ടിക്കുന്ന വ്യത്യസ്തമായ പ്രശ്നനിർദ്ധാരണങ്ങളെ അവരെക്കൊണ്ട് തന്നെ വാദമുഖങ്ങൾ ഉയർത്തി സാധൂകരിക്കുവാനും ചോദ്യം ചെയ്യുവാനും പ്രേരിപ്പിക്കുക, വ്യത്യസ്ത പ്രശ്നപരിഹാരങ്ങൾ താരതമ്യം ചെയ്തു അവയുടെ മേന്മ അദ്ധ്യാപകർവിശകലനം ചെയ്യുക, ഇങ്ങനെ നിരന്തരമായി തങ്ങളുടേതായ പുതിയ തിരിച്ചറിവുകളിലേക്ക് നയിക്കുന്ന മാർഗ്ഗദർശിയായി അദ്ധ്യാപകർ മാറുക എന്നതാണ് മഞ്ചാടിയുടെ അടിസ്ഥാനതത്വം.

കൊല്ലം ജില്ലയിൽ ആലപ്പാട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ചളവറ ഗ്രാമപഞ്ചായത്ത്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, ഫറോക്ക് മുനിസിപ്പാലിറ്റി, വയനാട്, തിരുനെല്ലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പൈലറ്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ഈ പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.10.2018 ൽ സെക്രട്ടേറിയറ്റിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും സന്നിഹിതനായിരുന്നു. പ്രസ്തുത യോഗത്തിന്റെ അംഗീകരിച്ച നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മഞ്ചാടിയുടെ പൈലറ്റിനായി 1000 sq.ft ഫർണിഷ് ചെയ്ത സ്ഥലം, 10 വളണ്ടിയർമാർ, 3 റിട്ടയേർഡ് അദ്ധ്യാപകർ എന്നിവരെയും കണ്ടെത്തണം.

ii. ഒന്നോ രണ്ടോ വാർഡുകൾ കേന്ദ്രീകരിച്ച് 6-9 വയസ്സുവരെയുള്ള 25 കുട്ടികളെയും 10-12 വയസുള്ള 25 കുട്ടികളെയും കണ്ടെത്തണം.

iii. ഗണിത സമൂഹകളിയരങ്ങിനായുള്ള സങ്കേതങ്ങളുടെ പരിശീലന പരിപാടിയ്ക്കായി ആനിമേറ്റർമാരെ K-DISC കണ്ടെത്തും.

iv. ഈ പരിപാടിയ്ക്കായി വിദഗ്ദ്ധ ഉപദേശം നൽകുന്നതിനായി K-DISC കണ്ടെത്തിയ National Resource Group - ഋതു, സിംബയോസിയ മാത്തമാറ്റിക്ക എന്നീ രണ്ടു പ്രാദേശിക സംഘടനകളുമായി ഏകോപിച്ചു പ്രവർത്തിക്കുന്നതാണ്.

പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി താഴെപറയുന്ന ഉത്തരവാദിത്വങ്ങൾ നിർണ്ണയിച്ചു കൊണ്ടും ഉത്തരവാകുന്നു.

**കെ.ഡിസ്ക്**

- ഉള്ളടക്കം
- രീതിശാസ്ത്രം
- അദ്ധ്യാപന അദ്ധ്യയന സാമഗ്രികൾ
- സാങ്കേതിക നിർവ്വഹണം
- മോണിറ്ററിംഗ്

**തദ്ദേശസ്വയംഭരണ സ്ഥാപനം**

- സ്ഥലം കണ്ടെത്തൽ
- CML ന് ആവശ്യമായ ഫർണിച്ചർ
- കുട്ടികളെ ലഭ്യമാക്കൽ
- കുട്ടികൾക്ക് ലഘുഭക്ഷണം
- +2, ബിരുദ യോഗ്യതയുള്ള വളണ്ടിയർമാരെ കണ്ടെത്തൽ
- റിട്ടയേർഡ് പ്രൈമറി ടീച്ചർമാരെ കണ്ടെത്തി മാർഗ്ഗദർശികളായി നിയോഗിക്കുക
- സോഷ്യൽ ആഡിറ്റ്

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ഒപ്പ്/
ഡോ. കെ.എം. എബ്രഹാം
എക്സ് ഒഫിഷ്യോ സെക്രട്ടറി